# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

02-07-2014-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5567

## ജലജന്യരോഗങ്ങൾ

ചോദ്യം

ശ്രീ. എസ്. ശർമ്മ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. കെ. ദാസൻ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) മഴക്കാലം ആരംഭിച്ചതോടെ സംസ്ഥാനത്ത് വിശേഷിച്ച് തീരപ്രദേശങ്ങളിൽ ജലജന്യരോഗങ്ങൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് തീരപ്രദേശമടക്കം ചില പ്രദേശങ്ങളിൽ ജലജന്യരോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് തടയാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) മഴക്കാലം ആരംഭിക്കുന്നതിന് മുൻപുതന്നെ വയറിളക്കരോഗങ്ങളും മറ്റ് ജലജന്യരോഗങ്ങളും കൂടുതലായി ഉണ്ടാവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ രോഗ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധന, ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കൂടാതെ ജലജന്യരോഗങ്ങൾ പടരുന്ന മാർഗ്ഗത്തെ കുറിച്ചും, അത് തടയുന്നതിനു വേണ്ടിയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കുടിവെള്ളത്തിന്റെ ക്ലോറിനേഷന് ആവശ്യമായ ബ്ലീച്ചിങ് പൗഡർ, ക്ലോറിൻഗുളികകൾ, ക്ലോറിൻ ലായിനി എന്നിവയും വയറിളക്ക രോഗ ചികിത്സയ്ക്കായി ഒ.ആർ.എസ്.ഉം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) സർക്കാരാശുപത്രികളിലെ മെഡിക്കൽ -പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) നിലവിലുള്ള അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയ 197 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സിവിൽ സർജൻ, കൺസൾട്ടന്റ് , സീനിയർ |

| | |
|---|---|
| | കൺസൽട്ടന്റ്, ചീഫ് കൺസൽട്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച്, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, ജൂനിയർ കൺസൽട്ടന്റ് തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പ്ലേസ്മെന്റ് നൽകിയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. മറ്റ് പാരാ മെഡിക്കൽ ജീവനക്കാരുടെ ഒഴിവുകളും അടിയന്തിരമായി നികത്തുന്നതാണ്. |
| (ഡി) മരുന്നുക്ഷാമം പരിഹരിക്കാനായി സ്വീ കരിച്ച നടപടിക ൾ അറിയിക്കുമോ ? | (ഡി) സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാം തന്നെ ലഭ്യമാണ്. മരുന്നുകൾക്ക് ദൗർലഭ്യമുണ്ടായാൽ ഇത് പരിഹരിക്കാൻ ആർ. എസ്. ബി.വൈ ഫണ്ട് വിനിയോഗിച്ച്കൊണ്ട് ലോക്കൽ പർച്ചേസ് ചെയ്യുവാൻ ആശുപത്രി മേധാവികൾക്ക് നിരദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ സർക്കാർ ഒരു കോടി രൂപയും ഇതിനായി അനുവദിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**